# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 — 26.09.2016-ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൊലപാതകങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. പി. സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പൊതുവെയും കണ്ണൂരിൽ പ്രത്യേകിച്ചും നടമാടുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും തടയാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും തടയുന്നതിന് പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രശ്നസാധ്യതയുള്ള സ്ഥലങ്ങളിൽ തുടർച്ചയായ പോലീസ് പട്രോളിംഗ്, പിക്കറ്റിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നിലധികം ആക്രമണ കേസുകളിൽ പ്രതിയായിട്ടുള്ളവർക്കെതിരെ Cr.PC 107 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് പൊതുവെയും കണ്ണൂരിൽ പ്രത്യേകിച്ചും 2015 മേയ് 25 ന് ശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 2015 മേയ് 25-നു ശേഷം 14 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇവയിൽ 6 കൊലപാതകങ്ങൾ കണ്ണൂർ ജില്ലയിൽ നടന്നിട്ടുള്ളവയാണ്. |
| (സി) രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളോട് പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നതുകൊണ്ടാണ് അക്രമങ്ങൾ പെരുകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും ക്രമസമാധാനം തകരാതിരിക്കുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും, ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവ ശക്തിപ്പെടുത്തിയും, പൊതുസ്ഥലങ്ങളിൽ പോലീസിന്റെ സാന്നിധ്യം ഉറപ്പുവരുത്തിയും പിങ്ക് പട്രോളിംഗ് തുടങ്ങിയവ വഴി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കിയും, നിയമ |

ബോധവൽക്കരണം നടത്തിയും സ്ഥിരം കുറ്റവാളികളെയും മറ്റും നിരീക്ഷണത്തിൽ വച്ചും, പരാതികളിൽ ഉടൻ തീർപ്പ് കല്പ്പിച്ചും മറ്റുമുള്ള പോലീസിന്റെ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും ക്രമസമാധാനം തകരാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**